**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 537**
**24.01.2018 ലെ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം.തോമസ് ഐസക്** |
| **എ** | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർ വത്ക്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ പ്രധാന ബിസിനസ്സുകളായ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിവരങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്ത വിശ്വാസ് എന്ന സോഫ്റ്റ്‌വെയർ പ്രവർത്തനക്ഷമമായി വരുകയാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാനായി ഡി.ഡി.ഒ. മാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ വിശ്വാസ് എന്ന സോഫ്റ്റ് വെയർ പൂർണ്ണതോതിൽ നടപ്പിലാക്കി മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. അതോടൊപ്പം തന്നെ വകുപ്പിന്റെ മറ്റ് ബിസിനസ്സുകളുടെ കമ്പ്യൂട്ടർ വത്ക്കരണവും പൂർണ്ണമായും നടപ്പിലാക്കുന്നതാണ്. |
| **ബി** | ഇടപാടുകാർക്ക് കൊടുത്തു തീർക്കാനുള്ള ലൈഫ് ഇൻഷ്വറൻസ് പോളിസികൾക്കും തീർപ്പ കൽപ്പിക്കാനുള്ള അപേക്ഷകൾക്കും പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ഇടപാടുകാർക്ക് കൊടുത്തു തീർക്കാനുള്ള ലൈഫ് ഇൻഷ്വറൻസ് പോളിസികൾക്കും തീർപ്പ കൽപ്പിക്കാനുള്ള അപേക്ഷകൾക്കും പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ ശുപാർശ സർക്കാറിലേയ്ക്ക് അടിയന്തിരമായി സമർപ്പിക്കാൻ ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ